''ജീവിക്കാനുള്ള കൊതി കൊണ്ടു ചോദിക്കുവാ, മാസ്ക് വച്ചു വന്നൂടേ''

അത് വെെറലായി ഓണ്ലെെന് മീഡിയയില് പടര്ന്നു
കയറുമ്പോഴാകണം പൊതുജനം വിറകൊണ്ടത്.
അല്ലെങ്കിലാ ചോദ്യമുദിക്കില്ലാലോ- ''അപ്പോള് നിങ്ങള് ഫ്രണ്ട്
ലെെന് വാറിയേഴ്സ് അല്ലേ!!?''
ചോദ്യകര്ത്താവിനതൊരു പുതിയ അറിവായതായി തോന്നിയ
ബാങ്കര് അതിന് മറുപടി കൊടുത്തതു നാമെല്ലാപേരും കേട്ടു.

ഒരു ബാങ്കറായിരുന്നില്ലെങ്കില് ആരാകുമായിരുന്നു?
''ബാങ്കര് അല്ലാതെ വേറെ ആരും ആകാനെനിക്ക് പറ്റില്ലായിരുന്നു.
അത്രയേറെ ആശിച്ചു നേടിയെടുത്തതാണ് ഈ ജോലി''

പറയുന്നത് മറ്റാരുമല്ല;
വാക്കുകളുടെ വസന്തം വിടര്ത്തുന്ന നമ്മുടെ കച്ചിലെ കൊച്ചു തന്നെ.

കച്ചില് നിന്ന് കൊച്ചു കൊച്ചു വിശേഷങ്ങളുമായി ടീബിയുടെ
പേജില് നിറയുന്ന നറുചിരിയിലൂടെ ഈയാഴ്ചയുടെ ദളം വിടരുന്നു.

ശില്പ. എസ്
യൂക്കോ ബാങ്ക്
മുണ്ഡ്രെ ടൗണ്ഷിപ്പ് ബ്രാഞ്ച്,
കച്ച് പോര്ട്ട് സിറ്റി, ഗുജറാത്ത്.

1988 ല് ഇടുക്കി ജില്ലയിലെ രാജാക്കാട് പട്ടണത്തില് ജനിച്ചു
തൊടുപുഴയിലോട്ടു പറിച്ചു നട്ടു തൊടുപുഴയുടെ തൊടുകുറിയായ ശില്പ.
അച്ഛന് ശ്രീ ടി.ആര്. ശശി ഇടുക്കി ജില്ലാ സഹകരണബാങ്ക്
മാനേജരായിരുന്നു.
അമ്മ ശ്രീമതി വസന്തകുമാരി വീട്ടമ്മയും. ശ്യാം, നിഷ എന്നിവര് മൂത്ത
സഹോദരങ്ങള്. ശ്യാമും കുടുംബവും
യൂ കേയില് സെറ്റില്ഡ്, നിഷയും കുടുംബവും കൊച്ചിയിലും.
തൊടുപുഴ ചുങ്കം സെന്റ് ജോസഫ് യു.പി.എസ്, കല്ലാനിക്കല് സെന്റ്
ജോര്ജ് എച്ച്. ഡീപാള് ഈ. എം എച്ച് എസ്, ഗവണ്മെന്റ് ഹയര് സെക്കണ്ടറി
സ്കൂള്, ന്യൂമാന്സ് കോളേജ് എന്നിവിടങ്ങളില് പഠിക്കുകയും
വ്യക്തിമുദ്രകള് നേടുകയും ചെയ്തു. രസതന്ത്ര ബിരുദശേഷം
കേരളയൂണിവേഴ്സിറ്റി ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ കൊല്ലം
ക്യാംപെസ്സില് നിന്ന് ബിസിനസ്സ് അഡ്മിനിസ്ട്രേഷനില് മാസ്റ്റര് ബിരുദവും
നേടി. ഒപ്പം, മാസ്റ്റര് ഓഫ് ഹ്യൂമന് റിസോഴ്സ് മാനേജ്മെന്റില് ഡിപ്ലോമയും
കരസ്ഥമാക്കിയിട്ടുണ്ട്.
പ്രെെമറി തലം മുതല് വിവിധ സാഹിത്യ
കലാവിഭാഗങ്ങളില് സ്വയാര്ജിത വെെഭവം നിറഞ്ഞു നിന്നിരുന്നു.
കെെവയ്ക്കാത്തതൊന്നുമില്ല, അതായിരുന്നു കമ്മിറ്റ്മെന്റ്.

പങ്കെടുക്കുന്നതിന്റെ ചാരിതാര്ത്ഥ്യമറിയുന്നത് മാതാപിതാക്കളും സഹോദരങ്ങളും നല്കുന്ന പ്രോത്സാഹനത്തിലൂടെയായിരുന്നു- കുടുംബാംഗങ്ങളുടെ സ്നേഹവായ്പിന്റെ ആഴമറിയുന്ന സംഭാഷണം തുടര്ന്നു.

സ്പോര്ട്സിനും ഓട്ടത്തിനും ചാട്ടത്തിനും കൂടി പങ്കെടുത്ത് പൊരുതി തോറ്റു വീട്ടിലെത്തുമ്പോഴാണ് അവരുടെ സാന്ത്വനങ്ങള്ക്കിമ്പമേറുന്നതും. ഇന്നും വഴികാട്ടുന്നതും ബന്ധങ്ങളുടെ ഈ ഇഴയടുപ്പം. തൊടുപുഴയിലെ വീടിന്റെ അകവും പുറവും പച്ചപ്പും തൊടികളും വഴിത്താരകളും തന്നിലെ സാഹിത്യാഭിരുചിക്കു കാരണമായതാകാം.

വായന ശീലമാക്കിയ കുടുംബാംഗങ്ങള് എവരും തന്നെ സ്വാധീനിച്ചു. മക്കള്ക്ക് പ്രായത്തിനനുസരിച്ചുവായിക്കാനുള്ള പുസ്തകങ്ങള് വാങ്ങി സൂക്ഷിച്ചിരുന്നു, അച്ഛന്. കുട്ടിക്കവിതകള് എന്ന് സ്വയം പേരിട്ട് കുത്തിക്കുറിച്ച തന്റെ കുഞ്ഞു കവിതകള് അമ്മ മനഃപാഠമാക്കി പേരക്കിടാങ്ങള്ക്ക് ചൊല്ലിക്കൊടുക്കുന്നിപ്പോള്!

മൂന്നാം ക്ലാസ്സില് വച്ച് ആരാകണം ഭാവിയില് എന്ന പൊതു ചോദ്യത്തിന് കവയിത്രിയാകണം എന്ന മറുപടി കേട്ട ത്രേസ്യാമ്മ ടീച്ചര്ക്ക്, സ്വന്തം കവിതകളുടെ കൈെയെഴുത്തു പ്രതി കൊടുത്ത് അഭിനന്ദനങ്ങള് വാരിക്കൂട്ടിയതും ജീവിതവഴികളുടെ തേനൂറും ഗൃഹാതുരചിന്തകളായി- സംഭാഷണം നീണ്ടു.

എസ്സേകളിലേക്ക് പടര്ന്നു കയറിയ ഹൈെസ്ക്കൂള് കാലത്ത് 'ശില്പയുടെ എസ്സേ കൂടി എല്ലാരും വായിച്ചു നോക്കൂ കുട്ടികളേ'' എന്ന് എപ്പോഴും പറഞ്ഞിരുന്ന മലയാളം അധ്യാപിക മേരി ടീച്ചറും തന്റെ വാക്കുകളുടെ ശില്പമാല്യങ്ങള്ക്ക് തിളക്കമേതുമുണ്ടെങ്കിലതിനു കാരണമായി.

MBA ക്ക് ശേഷം എറണാകുളത്ത് ഒരു സ്വകാര്യ സ്ഥാപനത്തില് ജോലി ലഭിച്ചുവെങ്കിലും അച്ഛന്റെ പാത പിന്തുടരണമെന്ന ആഗ്രഹം മുന്നിട്ടു നിന്നതിനാല് ബാങ്ക് പരീക്ഷകള് ലക്ഷ്യമിട്ട് ആറുമാസത്തെ കോച്ചിംഗിന് ICD കല്ലുവാതുക്കല് ക്യാംപസ്സിലെത്തി പഠനമാരംഭിച്ചു ടെസ്റ്റുകളില് പങ്കെടുത്തു.

ആയിടക്കു തന്നെ പെരുമ്പാവൂര് സ്വദേശി വിബിന് വി.നാഥുമായുള്ള വിവാഹവും നടന്നു- കച്ചിലെ കൊച്ചായി മാറിയ വഴികളിലേക്ക് ശില്പയുടെ കഥ നീളുന്നു-
TATA Power കമ്പനിയിലെ ലീഡ് എഞ്ചിനീയറായ വിബിനുമൊത്ത് ഗുജറാത്തിലെ റാന് ഓഫ് കച്ചിലെ മുന്ദ്രയിലെത്തുമ്പോഴേക്കും, മുമ്പെഴുതിയിരുന്ന IBPS P O 2 ന്റെ സെക്കണ്ടറി ലിസ്റ്റില് ഉള്പ്പെട്ട് യൂക്കോ ബാങ്കില് സെലക്ഷന് ലഭിച്ചു കഴിഞ്ഞിരുന്നു. അതു സ്വീകരിക്കാതിരിക്കാന് കഴിയുകയുമില്ലല്ലൊ! അത്രമേല് ആശയും

മുന്നിട്ടു നിന്നു. ആദ്യ പോസ്റ്റിംഗ് ബാംഗ്ലൂര് സിറ്റി ബ്രാഞ്ചിലായിരുന്നു. തുടര്ന്ന് ബാംഗ്ലൂര് സോണല് ഓഫീസിലും പ്രവര്ത്തിച്ചു. ബാങ്കിന്റെ സര്ഗ്ഗപ്രഭാമണ്ഡലങ്ങളിലേക്കും ബാംഗ്ലൂര് കാലം അവസരങ്ങളേകി. സോണല് മാനേജര് ശ്രീ വൈദ്യനാഥന്റെ നേതൃത്വത്തില് uco ബാങ്ക് ജീവനക്കാരെ ഉള്പ്പെടുത്തി ഹിന്ദു ദിനപ്പത്രവുമായി ചേര്ന്നു ചിത്രീകരിച്ച uco ബാങ്ക് പരസ്യങ്ങളില് മോഡലാകുവാനും അവസരങ്ങള് ലഭിച്ചു. ആഗ്രഹം പോലെ ലഭിച്ച ബാങ്ക് ജോലിയുടെ 'ബ്രാന്റ് അമ്പാസിഡ'റാകുന്ന ത്രില് പറഞ്ഞറിയിക്ക വയ്യ.

2016 ല് ഗുജറാത്തിലേക്ക് ട്രാന്സ്ഫര് ലഭിച്ചു, കുടുംബത്തോടൊപ്പം കൂടി. 2017 ല് മകന് ദക്ഷ് പിറന്നു. രണ്ടാമന് ധ്രുവ്, 2020 ലും. സബാറ്റിക് ലീവിനിടക്കാണ് തന്റെ ടാലന്റഡ് ബാങ്കിലേക്കുള്ള പ്രവേശനവും. പൊടി പിടിച്ചു കിടന്ന വാസനകളേതും മിനുക്കിയെടുത്തതും പുതിയ അറിവുകള് നേടാന് കഴിഞ്ഞതും
ടി ബി കൂട്ടായ്മയുടെ പ്രോത്സാഹനമായിരുന്നു. ഫോട്ടോഗ്രഫിയും കുക്കിംഗും ബോട്ടില് ആര്ട്ടും ചിത്രരചനയുമായി ഇക്കാലം കടന്നു പോയിരുന്നു. ഇപ്പോള് ഇന്സ്റ്റഗ്രാം റീലുകളും അനായാസം വഴങ്ങുന്നു. കുട്ടിക്കാലത്ത് നാട്ടില് നിന്ന് ഗ്രഹിച്ച ശാസ്ത്രീയ സംഗീതപാഠങ്ങളും ഇപ്പോള് പ്രേരണയാകുന്നു.

പോര്ട്ട് സിറ്റിയായ കച്ചിലെ ബാങ്ക് വിശേഷങ്ങളും നാട്ടു വിശേഷങ്ങളും ചേര്ത്ത് ശില്പയെഴുതുന്ന കുറിപ്പുകളില് ദേശാന്തരങ്ങളുടെ ബാങ്കര്മാരെ കൂട്ടിയിണക്കുന്ന കണ്ണികളുണ്ട്. കസ്റ്റമര് ഇടപെടുന്ന സൂക്ഷ്മതലങ്ങളിലെ സാമ്യതകള് വാക്കുകളാല് ശില്പമനോഹരമായിത്തീരുകയും ചെയ്തു. ഏവരും പറയാനാഗ്രഹിച്ച ഉള്ത്തേങ്ങലുകള് "പേരില്ലാത്തവര്" എന്ന ശീര്ഷകത്തിനു താഴെ വാര്ന്നു വീണപ്പോള് ബാങ്കര് കൂട്ടായ്മകളിലൂടെ അത് ദേശാന്തരങ്ങളില് ശ്രദ്ധ നേടി.
ജനങ്ങളോടൊത്തിടപഴകുന്ന, അവരുടെ സമ്പത്തിന്റെ കാവലാളബാങ്കര്മാരെ മാനുഷിക പരിഗണനയുടെ ലാഞ്ചനപോലുമില്ലാതെ അവരെ ശബ്ദവും ചേതനയുമില്ലാത്ത യന്ത്രങ്ങളായി നോക്കിക്കാണുന്ന പൊതുബോധത്തിന്റെ നേര്ക്ക് തന്റെ വാഗ് വൈഭവം കൊണ്ടൊരു പരിദേവനം കോര്ത്തെടുത്തു.
താനറിയാതെ വന്നു പോയതാണതെന്ന് ശില്പ വിനയപുരസ്സരം പറയുന്നു- അത്ര മേലിഷ്ടമാണെനിക്കീ ജോലിയും.

മനോരമഓണ്ലൈനും വനിതയുടെ ഡിജിറ്റല് പ്ലാറ്റ് ഫോമും ഏഷ്യാനെറ്റും തന്റെ "പേരില്ലാത്തവരെ" കൊത്തിയെടുത്ത് വൈറലാക്കി പേരുചേര്ത്തിണക്കി വച്ചു.

പിന്നീട് അതേക്കുറിച്ചുള്ള അന്വേഷണങ്ങളുമായി വിവിധ വാര്ത്താസ്ഥാപനങ്ങളുടെ വിളികള് വന്നെത്തി. ശില്പയുടെ വാക്കുകള്ക്ക് ചെവിയോര്ക്കാന് കൊച്ചിയിലെ

ക്ലബ് എഫ്. എം റെഡിയായി വന്ന ദിവസമാണ് ടാലന്റഡ് ബാങ്കേഴ്സിന്റെ വിളിയും വന്നു ചേര്ന്നത്.
ക്ലബ് എഫ് എം ഇന്റര്വ്യു ഇതിനകം നമ്മുടെ പേജില് കേള്ക്കുവാനും കഴിഞ്ഞു. (ലിങ്ക് ചേര്ക്കുന്നു)

https://www.facebook.com/groups/talentedbankers/permalink/2172432106255884/

ഡിജിറ്റല് മാധ്യമങ്ങളായ 'പ്രതിലിപി'യിലും 'നീര്മാതള' ത്തിലും കഥകളെഴുതി ചേര്ത്തിട്ടുണ്ട്. "ശില്പ വസന്ത ശശി" എന്ന പേരില്.

ലോക്ക്- ഡൗണ് കാലത്ത് മുഖപുസ്തകത്തിലൂടെ എഴുതിയ രചനകളിലൂടെ അഭിനന്ദനങ്ങളേറെ
നേടി. പ്രചോദനമായി വിബിനും കൂടെ ചേരുമ്പോള് എഴുത്തിനു തിളക്കമേറിയേ മതിയാകൂ. കച്ചിലെ വീട്ടില് വിബിന്റെ മാതാപിതാക്കളായ ശ്രീ വിശ്വനാഥനും ശ്രീമതി സരളയും പ്രോത്സാഹനവുമായി ഇമ്പമേറ്റുന്നു. റാന് ഓഫ് കച്ചെന്ന് പ്രസിദ്ധി നേടിയ കച്ചിലെ ഓരോ വഴിയിടങ്ങളിലും, പുല് നാമ്പിലും, മേഘപ്പരപ്പിലും, കണ്ടുമുട്ടുന്ന മനുഷ്യരിലും, ജീവാംശമായതെന്തിലും കണ്ടെത്തിയ വിശേഷങ്ങള് പകര്ത്തി വയ്ക്കുവാന് പ്രേരണയേകുന്നതെന്റെ ബാങ്കര് കൂട്ടായ്മയും കുടുംബവും സഹോദരങ്ങളും - സംഭാഷണം നീണ്ടു പോയി.

കഷ്ടപ്പാടുകളില് നിന്ന് ഫിനിക്സ് പക്ഷിയെപ്പോലെ ഉയിര്ത്തെണീറ്റ് എസ്. ഐ സിലക്ഷന് നേടിയ ആനിശിവയെ ആദരിച്ചെഴുതിയ "സല്യൂട്ട്" എന്ന കവിത ശ്രദ്ധയില്പ്പെട്ടതിനെ തുടര്ന്ന് ആനി ശിവ നേരിട്ട് സോഷ്യല് മീഡിയയിലൂടെ അഭിനന്ദിച്ചു. അത്തരം സന്ദര്ഭങ്ങളിലൂടെ ലഭിക്കുന്ന വലിയ വലിയ സന്തോഷങ്ങളും തന്റെ കച്ച് ഡയറികളില് ചേര്ത്തു വയ്ക്കുന്നു. താനെഴുതിയ കഥകള് കോര്ത്തൊരു സമാഹാരം പ്രസിദ്ധീകരിക്കണം - വിഷ് ലിസ്റ്റിലൊരെണ്ണം തിളങ്ങി നില്ക്കുന്നു- എഴുത്തിലെ പേരില് "ശില്പ വസന്ത ശശി" എന്ന തൂലികാ നാമവും കഥകളുടെ കരുത്താകട്ടെ.

നമ്മുടെ പേജുകളെ വാക്കുകളുടെ വസന്തം കൊണ്ട് ധന്യമാക്കുന്ന 'കച്ചിലെ കൊച്ച്' ശില്പക്കും കുടുംബാംഗങ്ങള്ക്കും
ആശംസകളോടെ,

ടാലന്റഡ് ബാങ്കേഴ്സ്

---

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ഇരിങ്ങാലക്കുട ടൗൺ ശാഖ, തൃശൂർ
---------------------------------------------------------------------------------------------------

“My yearning to live compels me to ask you,Can’t you just put on a mask when you’re here?” Her question went viral and unfolded far and wide over social media platforms, else another question, “aren’t you frontline warriors” would not have sprung up from the public.

And we paid heed to, whilst the banker replied to the query.

“If you weren’t a banker who would you be?”

“There was no way I could have been anything other than a banker. This was the job I had been longing for.”

Let us acquaint you with this week, a banker who evokes the charm of springtime with her unrivalled rush of magnificent wordings.

Shilpa.S
UCO Bank
Mundra Township Branch,
Kutch Port City, Gujarat.

Born in 1988 in Rajakadu in Idukki district, she moved to Thodupuzha at a later point of time. Her father, Shri T.R. Sasi was the branch head of IDistrict Co-operative Bank in Idukki.Her mother Mrs.Vasanthakumari is a home maker. She has two siblings elder to her- Shyam and Nisha. Shyam and his family live in the United Kingdom, while Nisha and her family live in Kochi.

Shilpa had her education in St. Joseph’s UPS in Chungam,Thodupuzha ,St. George H. Depaul EMHS Government Higher Secondary School and Newman's College.She earned a Master's degree in Business Administration from Kerala University's Institute of Management's Kollam Campus after graduating with a degree in Chemistry.She also holds a Diploma in Master of Human Resource Management.

Since childhood she showcased her talents in literature and art. She was so committed that she left no art untouched. Throughout her artistic path, her parents and siblings were unwavering in their support.She relished the consolation she used to receive from her loved ones even when she failed in sports competitions.

Everyone in her family possessed the habit of reading. Her father maintained a collection of books for children of different ages to read. Her mother has memorized and recites to her grandkids Shilpa’s childhood poems, which she has dubbed "children's poems."

Asked what she wanted to be in future in her third class ,Shilpa replied to her teacher that she wanted to be a poet.She handed over the copies of her poems to her teacher and garnered her compliments. Mary miss who taught her Malayalam in high school used to exhort her students to read Shilpa's essays.

Despite getting a job in a private firm in Ernakulam after completing her MBA, her desire to follow her father's foot steps made up her mind to pursue a career in banking.Meanwhile, she got married to Vibin V. Nath from Perumbavoor.

By the time she and Vibin, who worked as a lead engineer at TATA Power, reached Mundra in Rann of Kutch, Gujarat, she got selected by UCO Bank. Her initial assignment was to the Bangalore City branch..She worked in Bangalore Zonal Office as well.

Her stint in Bangalore provided her with numerous chances, including modelling for UCO Bank advertising shot in collaboration with The Hindu newspaper under the leadership of Zonal Manager Mr. Vaidyanathan.

She got transferred and relocated to Gujarat with her family in 2016. Their son Daksh was born in 2017 and Dhruv in 2020. She became a member of Talented Bankers community while on her sabbatical leave which in turn helped her to brush up on her skills in photography, cooking, bottle art,painting and classical music.She now manifests her creativity through Instagram reels as well.

Her articles have links that connect bankers at international level. Her writings are exquisitely descriptive of the subtleties of customer interaction.Her piece of writing titled 'Perillathavar'(The unnamed) gathered widespread attention.

With her eloquence,she pricked the conscience of the public who doesn't even consider bankers as human beings though they being the custodians of public money. The article went viral on Manorama Online,the digital platform of 'Vanitha' and Asianet. An interview with Shilpa was broadcast on Club FM.

Please find attached herewith the link for the same.

**https://www.facebook.com/groups/talentedbankers/permalink/2172432106255884/**

Shilpa has published her stories in the digital media -'Pratilipi' and 'Neermathalam under the name ,Shilpa Vasantha Sasi.

The articles penned by her ,shared through her face book page during lock down gained attention of many.Incessant support of her family drives her artistic skills forward and invigorates her to imbibe the heritage of Rann of Kutch into her pursuits.

The poem "Salute" written by Shilpa paying reverence to Ani Shiva was lauded by Ani herself through social media.What remains in Shilpa's wishlist is a compilation of her stories to be published as a book.

Talented Bankers wishes Shilpa all the best for all that her life has to offer in the days to come.